## 13-ാം കേരള നിയമസഭ
## 10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3193 — 28-01-2014 ൽ മറുപടിക്ക്

**പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് 2012-13 വർഷത്തെ കുടിശ്ശിക നൽകുവാനുണ്ടോ?<br>(ബി) എങ്കിൽ അതെത്രയാണെന്ന് അറിയിക്കുമോ? | കരാറുകാർക്ക് 2012-13 വർഷത്തെ കുടിശ്ശികയൊന്നും നൽകുവാനില്ല. |
| (സി) ഈ സാമ്പത്തിക വർഷം പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് നൽകുവാനുള്ള തുക എത്രയാണെന്നുള്ള വിവരം ലഭ്യമാക്കുമോ? | ഈ സാമ്പത്തിക വർഷം പൂർത്തിയായ പ്രവൃത്തികൾക്ക് നിരത്തുകളും പാലങ്ങളും വിഭാഗം 504.04 കോടി രൂപയും, കെട്ടിട വിഭാഗം 208.92 കോടി രൂപയും, ദേശീയപാത വിഭാഗം 21.54 കോടി രൂപയും നൽകുവാനുണ്ട്. |
| (ഡി) കരാറുകാർക്ക് അവർ പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് ഇത്രയും കുടിശ്ശിക വരുത്തുവാനുണ്ടായ സാഹചര്യങ്ങൾ എന്താണെന്ന് അറിയിക്കുമോ? | കരാറുകാരുടെ ബില്ലുകൾക്ക് "ലെറ്റർ ഓഫ് ക്രെഡിറ്റ്" മുഖാന്തിരം പണം അനുവദിക്കുന്നത് ധനകാര്യ വകുപ്പാണ്. അതിനാൽ കുടിശ്ശിക വരുത്തുവാനുണ്ടായ സാഹചര്യങ്ങൾ ഭരണ വകുപ്പിൽ ലഭ്യമല്ല. സർക്കാരിന് ഇപ്പോൾ സാമ്പത്തിക ബുദ്ധിമുട്ടുള്ളതായി അറിയുന്നു. എങ്കിലും കരാറുകാർക്ക് ഇത്രയും ഭീമമായ കുടിശ്ശിക ഉണ്ടായത് പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുള്ളതിനാൽ കുടിശ്ശിക ബില്ലുകൾ എത്രയും പെട്ടെന്ന് കൊടുത്തുതീർക്കുവാൻ നടപടി സ്വീകരിക്കുന്നതിന് ഭരണ വകുപ്പ് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (ഇ) കുടിശ്ശിക തുക നൽകാതിരുന്നതിനെത്തുടർന്ന് കരാറുകാരിൽ നിന്നും പരാതികളും അതിനെത്തുടർന്നുള്ള പ്രക്ഷോഭങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | പരാതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (എഫ്) എങ്കിൽ കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | കുടിശ്ശിക ബില്ലുകൾ എത്രയും പെട്ടെന്ന് കൊടുത്തുതീർക്കുവാൻ നടപടി സ്വീകരിക്കുന്നതിന് ഭരണ വകുപ്പ് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ആഫീസർ